കേരള സർക്കാർ

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 – ഫോറൻസിക് സയൻസ് ലബോറട്ടറി - റിസ്ക് അലവൻസ്-തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(കൈ)നം.176/2018/(100)/ധന തീയതി, തിരുവനന്തപുരം, 23/05/2018

---

പരാമർശം:-1.20.01.2016 ലെ സ.ഉ.(പി)നം.7/2016/ധന
2.സ.ഉ.(കൈ)നം.492/2017/(85)/ധന തീയതി 09.11.2017.
3.സംസ്ഥാന പോലീസ് വകുപ്പ് മേധാവിയുടെ 15.03.2018 ലെ ഇ8-30850/2018/പി എച്ച് ക്യൂ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 1 ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2014 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2 ഉത്തരവ് പ്രകാരം ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ വിവിധ ജീവനക്കാരുടെ റിസ്ക് അലവൻസ് ടി ഉത്തരവിൽ പറഞ്ഞിരിക്കുന്ന നിരക്കുകളിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ ചില അപാകതകൾ കടന്ന് കൂടിയതായി പരാമർശം 3 കത്ത് പ്രകാരം സംസ്ഥാന പോലീസ് വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം 2 ലെ ഉത്തരവിൽ താഴെപ്പറയുന്ന ഭേദഗതികൾ പുറപ്പെടുവിക്കുന്നു:

(i) ഹെഡ് അക്കൗണ്ടന്റ് തസ്തിക ഹെഡ് ക്ലാർക്ക് തസ്തികയെന്ന് തിരുത്തി ടി തസ്തികയ്ക്ക് പ്രതിമാസം 120 രൂപ റിസ്ക് അലവൻസ് അനുവദിക്കുന്നു.

(ii) ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് പകരം സീനിയർ സൂപ്രണ്ട്/മാനേജർ തസ്തിക

ഉൾപ്പെടുത്തി പ്രസ്തുത തസ്തികയ്ക്ക് പ്രതിമാസം 150/- രൂപ റിസ്ക് അലവൻസ് അനുവദിക്കുന്നു.

(iii) ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ടെക്നിക്കൽ അറ്റൻഡർ തസ്തികയെന്ന് തിരുത്തി പ്രസ്തുത തസ്തികയ്ക്ക് പ്രതിമാസം 100/- രൂപ റിസ്ക് അലവൻസ് അനുവദിക്കുന്നു.

(3) ഈ ഉത്തരവിന് 01.02.2016 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജി. അശോക് കുമാർ**

ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള,
തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ,
ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
സംസ്ഥാന പോലീസ് വകുപ്പ് മേധാവി, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-543406)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ